കേരള സർക്കാർ
ആയുഷ് ഹോമിയോപ്പതി വകുപ്പ്

# കരുതലോടെ മുന്നോട്ട്

## (സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഇമ്മ്യൂൺ ബൂസ്റ്റർ മരുന്ന് വിതരണം)

## സംശയങ്ങളും മറുപടിയും ( FAQ )

1. ചോദ്യം : എങ്ങനെയാണ് ഈ മരുന്ന് കഴിക്കേണ്ടത്?
   ഉത്തരം : ഒരു ഗുളിക വീതം രാവിലെ വെറും വയറ്റിൽ അടുപ്പിച്ചു മൂന്ന് ദിവസമാണ് കഴിക്കേണ്ടത്.

2. ചോദ്യം : മൂന്ന് ദിവസം മാത്രം ഈ മരുന്ന് കഴിച്ചാൽ മതിയോ?
   ഉത്തരം : പോരാ, ഓരോ 21 ദിവസം കൂടുമ്പോഴും തുടർച്ചയായി മൂന്ന് ദിവസം വീതം ഗുളിക ആവർത്തിച്ചു കഴിക്കണം.

3. ചോദ്യം : സാധാരണ ഹോമിയോ ഗുളിക കുപ്പിയിൽ ലഭിക്കുന്ന വെളുത്തുരുണ്ട ഗുളികകൾ ആണല്ലോ? ഇതെന്താണ് സ്ട്രിപ്പ് രൂപത്തിൽ നൽകുന്നത്?
   ഉത്തരം : സ്കൂൾ വിദ്യാർത്ഥികൾക്ക് സ്ട്രിപ്പ് ഗുളികകൾ മാത്രം നൽകാനാണ് ഹോമിയോപ്പതി വകുപ്പ് തീരുമാനിച്ചിട്ടുള്ളത്.

4. ചോദ്യം : സ്ട്രിപ്പ് രൂപത്തിലുള്ള ഈ ഗുളിക വെള്ളം ചേർത്ത് വിഴുങ്ങുകയാണോ വേണ്ടത്?
   ഉത്തരം : അല്ല, വായിലിട്ടു ചവച്ചരച്ചു കഴിക്കുന്നത് ആണ് ഉത്തമം .

5. ചോദ്യം : ഈ മരുന്ന് കഴിക്കുമ്പോൾ മറ്റെന്തെങ്കിലും പഥ്യവും ഉണ്ടോ?
   ഉത്തരം : പ്രത്യേകിച്ച് യാതൊരു പഥ്യവും ഇല്ല .

6. ചോദ്യം : ഈ മരുന്ന് കഴിക്കുന്നത് എന്തെങ്കിലും പാർശ്വ ഫലങ്ങൾ ഉണ്ടാക്കുമോ?
   ഉത്തരം : ഈ മരുന്ന് യാതൊരു പാർശ്വഫലങ്ങളും ഉണ്ടാക്കുന്നത് അല്ല. കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം ഇന്ത്യയിലാകെയും കേരളത്തിലും കഴിഞ്ഞ ഒന്നര വർഷത്തിലധികമായി കുട്ടികൾ ഉൾപ്പെടെ എല്ലാ പ്രായക്കാർക്കും ഇതു നൽകി വരുന്നു. ഈ മരുന്നിനു ലോകത്തൊരിടത്തും യാതൊരു പാർശ്വഫലങ്ങളും റിപ്പോർട്ട് ചെയ്തിട്ടില്ല.

7. ചോദ്യം : ഈ മരുന്ന് കഴിച്ചു കഴിഞ്ഞ ശേഷം തുടർന്നുള്ള ദിവസങ്ങളിൽ തലവേദനയോ പനിയോ മറ്റെന്തെങ്കിലും അസ്വസ്ഥതകളോ ഉണ്ടായാൽ എന്ത് ചെയ്യണം?
   ഉത്തരം : ഈ മരുന്ന് കഴിച്ചതുകൊണ്ട് അത്തരത്തിൽ യാതൊരു അസ്വസ്ഥതകളും ഉണ്ടാകില്ല. ഇനി മറ്റ് എന്തെങ്കിലും കാരണങ്ങളാൽ ചെറിയ അസ്വസ്ഥതകൾ എന്തെങ്കിലും തോന്നുകയാണെങ്കിൽ തൊട്ടടുത്തുള്ള ഹോമിയോപ്പതി മെഡിക്കൽ ഓഫീസറെ കൺസൾട്ട് ചെയ്യാവുന്നതാണ്. കൂടാതെ ഹെൽപ്പ് ലൈൻ നമ്പറിൽ വിളിച്ചാൽ ആവശ്യമായ എല്ലാ വൈദ്യ സഹായവും മാർഗ്ഗ നിർദേശങ്ങളും ലഭിക്കുന്നതാണ് (ഹെൽപ്പ് ലൈൻ നമ്പർ : .......................)

...Continued on Page 2

ഹോമിയോപ്പതി വകുപ്പ് സ്റ്റേറ്റ് മാസ്സ് മീഡിയാ സെൽ പ്രസിദ്ധീകരിക്കുന്നത്

8. ചോദ്യം : മറ്റേതെങ്കിലും അസുഖങ്ങൾക്ക് മരുന്ന് കഴിക്കുന്നവർക്ക് ഈ മരുന്ന് കഴിക്കാമോ?

ഉത്തരം : തീർച്ചയായും കഴിക്കാം. ഈ മരുന്ന് കഴിച്ചതിനു ശേഷം അര മണിക്കൂർ കഴിഞ്ഞു മാത്രമേ മറ്റു മരുന്നുകൾ കഴിക്കാവൂ എന്നത് മാത്രം. എന്നാൽ ഗുരുതരമായ എന്തെങ്കിലും രോഗത്തിനു ചികിത്സയിൽ ഇരിക്കുന്നവർ അതുമായി ബന്ധപ്പെട്ട ഡോക്ടറുടെ ഉപദേശം തേടിയ ശേഷം മരുന്ന് കഴിച്ചാൽ മതിയാകുന്നതാണ്.

9. ചോദ്യം : ഇത് പുതിയ മരുന്ന് ആണോ?

ഉത്തരം : അല്ല, ഹോമിയോപ്പതി ചികിൽസിക്കുന്ന നൂറിലധികം ലോകരാജ്യങ്ങളിൽ അനേക വർഷങ്ങളായി വിവിധ രോഗങ്ങൾക്ക് ഫലപ്രദമായി ഉപയോഗിക്കുന്ന മരുന്ന് ആണിത്.

10. ചോദ്യം : തുടർച്ചയായി 3 ദിവസം കഴിക്കുന്നതിനു മറന്നുപോകുകയോ, എന്തെങ്കിലും തടസ്സം നേരിടുകയോ ചെയ്താൽ എന്ത് ചെയ്യണം?

ഉത്തരം : അങ്ങനെ സംഭവിക്കുകയാണെങ്കിൽ തുടർന്നുള്ള ദിവസം / ദിവസങ്ങളിൽ മരുന്ന് കഴിച്ച് മൂന്നു ദിവസത്തെ കോഴ്സ് പൂർത്തിയാക്കാവുന്നതാണ്.

11. ചോദ്യം : മരുന്ന് (ഐ.ബി) കഴിച്ചു കൊണ്ടിരിക്കെ കോവിഡ് 19 ബാധിക്കുകയാണെങ്കിൽ എന്തു ചെയ്യണം?

ഉത്തരം : കോവിഡ് സ്ഥിരീകരിക്കുകയാണെങ്കിൽ ഇമ്മ്യൂൺ ബൂസ്റ്റർ കഴിക്കുന്നത് നിറുത്തി വയ്ക്കുകയും സർക്കാരും ആരോഗ്യവകുപ്പും നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് അവരവർക്ക് താത്പര്യമുള്ള ചികിത്സാ രീതികൾ സ്വീകരിക്കുകയും ചെയ്യണം.

12. ചോദ്യം : ഇമ്മ്യൂൺ ബൂസ്റ്റർ കഴിച്ചു കൊണ്ടിരിക്കെ കുടുംബാംഗങ്ങളിൽ ആർക്കെങ്കിലും കോവിഡ് ബാധിക്കുകയാണെങ്കിൽ എന്തു ചെയ്യണം?

ഉത്തരം : ഈ സാഹചര്യത്തിൽ ഈ വിദ്യാർത്ഥി പ്രൈമറി കോൺടാക്ട് ആയി മാറുന്നതിനാൽ കേന്ദ്ര ആയുഷ് മന്ത്രാലയം നിഷ്കർഷിച്ചിരിക്കുന്നതുപോലെ ഇമ്മ്യൂൺ ബൂസ്റ്റർ മരുന്ന് ഒന്നു വീതം രണ്ട് നേരം (രാവിലെയും രാത്രിയും) 7 ദിവസം തുടർച്ചയായി കഴിക്കേണ്ടതാണ്. അതിനായി തൊട്ടടുത്ത സർക്കാർ ഹോമിയോ ആശുപത്രിയെ സമീപിക്കാവുന്നതാണ്.

13. ചോദ്യം : ഇതേ മരുന്ന് മറ്റെവിടെ നിന്നെങ്കിലും കഴിഞ്ഞ ദിവസങ്ങളിൽ കഴിച്ചിട്ടുള്ളവർ വീണ്ടും ഈ മരുന്ന് കഴിക്കേണ്ടതുണ്ടോ?

ഉത്തരം : അതിന്റെ ആവശ്യമില്ല. ഇമ്മ്യൂൺ ബൂസ്റ്റർ മരുന്ന് 21 ദിവസത്തെ ഇടവേളയിൽ കഴിയ്ക്കാനാണ് കേന്ദ്ര ആയുഷ് മന്ത്രാലയം നിർദ്ദേശിച്ചിരിക്കുന്നത്. ആയതിനാൽ മരുന്ന് മുൻദിവസങ്ങളിൽ കഴിച്ചിട്ടുള്ളവർ 21 ദിവസം പൂർത്തിയാകുന്ന മുറയ്ക്ക് കഴിച്ചാൽ മതിയാകും.

14. ചോദ്യം : കോവിഡ് വന്നു പോയവർ ഈ മരുന്ന് കഴിക്കേണ്ടതുണ്ടോ?

ഉത്തരം : കോവിഡ് വന്ന് പോയവർക്കും ഈ മരുന്ന് കഴിയ്ക്കാവുന്നതാണ്. എന്നാൽ കോവിഡുമായി ബന്ധപ്പെട്ട ലക്ഷണങ്ങളും കോവിഡാനന്തര ലക്ഷണങ്ങളും പൂർണ്ണമായും മാറിയ ശേഷമേ മരുന്നു കഴിക്കേണ്ടതുള്ളു.

15. ചോദ്യം : കോവിഡ്–19 വാക്സിൻ എടുത്തവർ ഇമ്മ്യൂൺ ബൂസ്റ്റർ മരുന്ന് കഴിക്കേണ്ടതുണ്ടോ?

ഉത്തരം : കോവിഡ്–19 വാക്സിൻ ഒരു ഡോസ് എടുത്തവർക്കും രണ്ട് ഡോസ് എടുത്തവർക്കും മരുന്നു കഴിക്കാവുന്നതാണ്. എന്നാൽ വാക്സിനുമായി ബന്ധപ്പെട്ട അസ്വസ്തതകൾ പൂർണ്ണമായും മാറിയ ശേഷം ചുരുങ്ങിയതു രണ്ടാഴ്ച്ച കഴിഞ്ഞ ശേഷം ഇമ്മ്യൂൺ ബൂസ്റ്റർ കഴിച്ചാൽ മതി.

16. ചോദ്യം : ഈ മരുന്ന് കഴിച്ചതിനാൽ മാസ്ക്ക്, സാമൂഹിക അകലം തുടങ്ങിയ മറ്റ് കോവിഡ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ടോ?

ഉത്തരം : തീർച്ചയായും പാലിക്കണം. സർക്കാർ നിർദേശിക്കുന്ന മാസ്ക്ക്, സാനിറ്റൈസർ, സാമൂഹിക അകലം തുടങ്ങിയ എല്ലാ കോവിഡ് മാനദണ്ഡങ്ങളും നിർബന്ധമായും പാലിക്കേണ്ടതാണ്.